# സ്വർഗ്ഗത്തിലേക്കുള്ള ക്ഷണം

അബ്ദുൽ ജബ്ബാർ അബ്ദുല്ല

**1) അല്ലാഹുവിൻെറ സാമീപ്യം നിങ്ങൾ ആഗ്രഹിക്കുന്നുവോ?**

റസൂൽﷺ പറഞ്ഞു: "തൻെറ രക്ഷിതാവുമായി ഒരടിമ ഏറ്റവും അടുത്തസമയം അയാൾ സുജൂദിലായിരിക്കുമ്പോഴാണ്. അത്കൊണ്ട് സുജൂദിൽ നിങ്ങൾ പ്രാർത്ഥനയെ വർദ്ധിപ്പിക്കുക." (മുസ്‌ലിം)

**2) ഒരു ഹജ്ജിൻെറയത്ര പ്രതിഫലം നിങ്ങൾ ആഗ്രഹിക്കുന്നുവോ?**

റസൂൽﷺ പറഞ്ഞു: "റമദാനിൽ ഒരു ഉംറ നിർവ്വഹിക്കൽ ഒരു ഹജ്ജിന്ന് തുല്ല്യമാണ്. അല്ലെങ്കിൽ എൻെറ കൂടെ ഹജ്ജ് നിർവ്വഹിച്ചതിന് തുല്ല്യമാണ്. (ബുഖാരി, മുസ്‌ലിം)

**3) സ്വർഗ്ഗത്തിൽ ഒരു വീടുണ്ടാകാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ?**

റസൂൽﷺ പറഞ്ഞു: "ആരെങ്കിലും അല്ലാഹുവിന് വേണ്ടി പള്ളിപണിതാൽ അവന് സ്വർഗ്ഗത്തിൽ അല്ലാഹു ഒരു വീട് പണിയും. (മുസ്‌ലിം)

**4) അല്ലാഹുവിൻെറ ഇഷ്ടത്തെ നിങ്ങൾ ആഗ്രഹിക്കുന്നുവോ?**

റസൂൽﷺ പറഞ്ഞു: "ഒരാൾ ഭക്ഷണം കഴിച്ചു, എന്നിട്ട് "അൽഹംദുലില്ലാഹ്" എന്ന് പറഞ്ഞു അല്ലെങ്കിൽ വല്ലതും കുടിച്ചു. എന്നിട്ട് "അൽഹംദുലില്ലാഹ്" എന്ന് പറഞ്ഞു. എങ്കിൽ തീർച്ചയായും അല്ലാഹു ആ അടിമയെ ഇഷ്ടപെടും. (മുസ്‌ലിം)

**5) നിങ്ങളുടെ പ്രാർത്ഥനക്ക് ഉത്തരം കിട്ടണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ?**

റസൂൽﷺ പറഞ്ഞു: "ബാങ്കിൻേറയും ഇഖാമത്തിൻേറയും ഇടക്കുള്ള പ്രാർത്ഥന(അല്ലാഹു) വെറുതെ മടക്കുകയില്ല. (അബൂദാവൂദ്)

**6) വർഷം മുഴുവനും നോമ്പ് നോറ്റ പ്രതിഫലം നിങ്ങൾ ആഗ്രഹിക്കുന്നുവോ?**

റസൂൽﷺ പറഞ്ഞു: “എല്ലാ ഒരോ മാസത്തിലെയും മൂന്ന് നോമ്പുകൾ, (13, 14, 15 ദിവസങ്ങളിൽ) ഒരു വർഷം മുഴുവൻ നോമ്പ് നോറ്റതിന് തുല്ല്യമാണ്. (ബുഖാരി, മുസ്‌ലിം)

**7) ഒരു പർവ്വതം കണക്കെ നന്മ നിങ്ങൾ ആഗ്രഹിക്കുന്നുവോ?**

റസൂൽﷺ പറഞ്ഞു: “ഒരാൾ മയ്യിത്ത് സംസ്കരണത്തിൽ, മയ്യിത്തിന് വേണ്ടി നമസ്കരിക്കുന്നത് വരെ പങ്കെടുത്തു, എങ്കിൽ അയാൾക്ക് ഒരു ഖിറാത്ത് പ്രതിഫലമുണ്ട്. ഒരാൾ മയ്യിത്ത് മറമാടുന്നത് വരെ പങ്കെടുത്തു എങ്കിൽ അയാൾക്ക് രണ്ട് ഖീറാത്ത് പ്രതിഫലമുണ്ട്.” സ്വഹാബികൾ ചോദിച്ചു? “എന്താണ് രണ്ട് ഖിറാത്ത്” റസൂൽﷺ പറഞ്ഞു: “രണ്ട് വലിയ പർവ്വതങ്ങൾക്ക് തുല്ല്യമാണ് (രണ്ട് ഖിറാത്ത്)” (ബുഖാരി, മുസ്‌ലിം)

**8) സ്വർഗ്ഗത്തിൽ റസൂൽﷺ ൻെറ സാമീപ്യം നിങ്ങൾ ആഗ്രഹിക്കുന്നുവോ?**

റസൂൽﷺ പറഞ്ഞു: “ഞാനും യതീമിനെ സംരക്ഷിക്കുന്നവനും (പ്രവാചകൻﷺ തൻെറ ചൂണ്ടുവിരലും നടുവിരലും ചേർത്ത് പിടിച്ചുകൊണ്ട് പറഞ്ഞു) സ്വർഗ്ഗത്തിൽ ഇപ്രകാരമായിരിക്കും. (ബുഖാരി)

**9) അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ധർമ്മ സമരം നടത്തുന്നവൻെറയോ, നോമ്പനുഷ്ടിക്കുന്നവൻെറയോ, (രാത്രി) നിന്ന് നമസ്കരിക്കുന്നവൻെറയോ പ്രതിഫലം നിങ്ങൾ ആഗ്രഹിക്കുന്നോ?**

റസൂൽﷺ പറഞ്ഞു: “വിധവകളുടെ സംരക്ഷണത്തിലും, സാധുസംരക്ഷണത്തിലും പ്രയത്നിക്കുന്നവൻ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ധർമ്മ സമരം നടത്തിയവനെ പോലെയാണ് അവൻ ക്ഷീണം ബാധിക്കാതെ (രാത്രി) നമസ്കരിക്കുന്നവനെ പോലെയും മുറിക്കാതെ നോമ്പനുഷ്ടിക്കുന്നവനെ പോലെയുമാണ്. (ബുഖാരി, മുസ്‌ലിം)

**10) റസൂൽﷺ സ്വർഗ്ഗത്തിന് ജാമ്യം നൽകിയ വരുടെ കൂട്ടത്തിൽ ഉൾപ്പെടാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ?**

റസൂൽﷺ പറഞ്ഞു: “ആരെങ്കിലും എനിക്ക് രണ്ട് താടിയെല്ലുകൾക്ക് ഇടയിലുള്ളതിനെയും(നാവ്), രണ്ട് കാലുകൾക്ക് ഇടയിലുള്ളതിനെയും (ലൈംഗികാവയവം) സൂക്ഷിക്കാമെന്ന് ജാമ്യം നൽകിയാൽ, അവന്ന് സ്വർഗ്ഗം നൽകാം എന്ന് ഞാൻ ജാമ്യം നൽകുന്നു.” (ബുഖാരി, മുസ്‌ലിം)

**11) മരണശേഷവും നിങ്ങളുടെ സൽകർമ്മങ്ങൾ നിലച്ച് പോകാതെ തുടരാൻ നിങ്ങൾ ഉദ്ദേശിക്കുന്നുവോ?**

റസൂൽﷺ പറഞ്ഞു: "മനുഷ്യൻ മരണപ്പെട്ടു കഴിഞ്ഞാൽ എല്ലാ (സൽ)കർമ്മങ്ങളും നിലച്ചു പോകും; മൂന്ന് കാര്യങ്ങൾ ഒഴിച്ച്. ഒന്ന്: ജാരിയായ സദഃക്വ(നിലനൽക്കുന്ന ദാനധർമ്മം), രണ്ട്: (പകർന്ന് കൊടുത്ത) ഉപകാരപ്പെടുന്ന അറിവ്, മൂന്ന്: തനിക്ക് വേണ്ടി പ്രാർത്ഥിക്കുന്ന സ്വാലിഹായ സന്തതി" (മുസ്‌ലിം)

**12) സ്വർഗ്ഗത്തിലെ ഒരു നിധി കരസ്ഥമാക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ?**

റസൂൽﷺ പറഞ്ഞു:

لَاحَوْلَ وَلَا قُوَّةَ إِلَّا بِاللهِ

എന്ന(ദിക്റ്) സ്വർഗ്ഗത്തിലെ ഒരു നിധിക്ക് തുല്ല്യമാണ്.

**13) രാത്രി മഴുവനും നിന്ന് നമസ്കരിച്ചത് പോലുള്ള പ്രതിഫലം നിങ്ങൾ ആഗ്രഹിക്കുന്നുവോ?**

റസൂൽﷺ പറഞ്ഞു: "ആരെങ്കിലും സുബ്ഹി നമസ്കാരവും, ഇശാ നമസ്കാരവും ജമാഅത്തായി നമസ്കരിച്ചാൽ അയാൾ രാത്രി മുഴുവനും നിന്ന് നമസ്കരിച്ചവനെ പോലെയാണ്. (മുസ്‌ലിം)

**14) ഒരു മിനിറ്റ് സമയം കൊണ്ട് ഖുർആനിൻെറ മൂന്നിൽ ഒരു ഭാഗം പാരായണം ചെയ്യാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ?**

റസൂൽﷺ പറഞ്ഞു: "സൂറത്തുൽ ഇഖ്ലാസ് പാരായണം ചെയ്താൽ ക്വുർആനിൻെറ മൂന്നിൽ ഒരുഭാഗം പാരായണം ചെയ്തതിന്ന് തുല്ല്യമായി." (മുസ്‌ലിം)

**15) പരലോകത്ത് നന്മകൊണ്ട് തുലാസ് (മീസാൻ) കനം തൂങ്ങാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ?**

റസൂൽﷺ പറഞ്ഞു: "രണ്ട് വാക്കുകൾ കാരുണ്യവാനായ അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടതാണ്. നാവിന് വളരെ എളുപ്പവുമാണ്. തുലാസിൽ ഏറ്റവും കനം തൂങ്ങുന്നതും അതത്രെ!

سُبْحَانَ اللهِ وَبِحَمْدِهِ، سُبْحَانَ اللهِ الْعَظِيمِ

എന്നത്" (ബുഖാരി)

**16) പരലോകത്ത് വെച്ച് അല്ലാഹുവിനെ കാണാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ?**

റസൂൽﷺ പറഞ്ഞു: “ആരെങ്കിലും അല്ലാഹുവിനെ കാണാൻ ഇഷ്ട പെടുന്നുവോ, അവനെ കാണാൻ അല്ലാഹുവും ഇഷ്ടപെടും” (ബുഖാരി)

**17) ഉന്നതിയിൽ എത്താൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ?**

റസൂൽﷺ പറഞ്ഞു: “അല്ലാഹുവിൻെറ പ്രീതി കാംക്ഷിച്ച് വിനയം കാണിച്ച ഒരാളെയും അല്ലാഹു ഉയർത്താതിരുന്നിട്ടില്ല” (മുസ്‌ലിം)

**18) നരകാഗ്നിയെതൊട്ട് എഴുപത് വർഷത്തെ ദൂരം അകറ്റപെടണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ?**

റസൂൽﷺ പറഞ്ഞു: “ആരെങ്കിലും അല്ലാഹുവിൻെറ പ്രീതികാംക്ഷിച്ച് ഒരുദിവസം നോമ്പെടുത്താൽ, അവൻെറ മുഖത്തെ അല്ലാഹു എഴുപത് വർഷത്തെ ദൂരം നരകാഗ്നിയിൽ നിന്ന് അകറ്റാതിരിക്കില്ല” (ബുഖാരി)

**“ഞങ്ങളുടെ രക്ഷിതാവേ, നിൻെറ പക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ നൽകു കയും, ഞങ്ങളുടെ കാര്യങ്ങൾ നേരാംവണ്ണം നിർവ്വഹിക്കുവാൻ നീ സൗകര്യം നൽകുകയും ചെയ്യേണമേ”. (അൽകഹ്ഫ്:10)**

## സയ്യിദുൽ ഇസ്തിഗ്ഫാർ:

اللَّهُمَّ أَنتَ رَبِّي لا إِلَهَ إِلاَّ أَنتَ خَلَقْتَنِي ،وَأَنَا عَبْدُكَ ،وَأَنَا عَلَى عَهْدِكَ وَوَعْدِكَ مَا اسْتَطَعْتُ ، أَعُوذُ بِكَ مِنْ شَرِّ مَا صَنَعْتُ ، أَبُوءُ لَكَ بِنِعْمَتِكَ عَلَيَّ ، وَأَبُوءُ لَكَ بِذَنْبِي ، اغْفِرلِي فَإِنَّهُ لاَ يَغْفِرُ الذُّنُوبَ إِلاَّ أَنْتَ ( رواه البخاري )

അല്ലാഹുവേ, നീയാണ് എൻെറ നാഥൻ. നീയല്ലാതെ ആരാധ്യനില്ല, നീ എന്നെ സൃഷ്ടിച്ചു, ഞാൻ നിൻെറ അടിമയാണ്, എൻെറ കഴിവനുസരിച്ച് നിന്നോടുള്ള വാഗ്ദത്ത്വത്തിലും കരാറിലും അധി ഷ്ഠിതനാണ് ഞാൻ. ഞാൻ ചെയ്തു പോയ എല്ലാ തിന്മകളിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു. നീ എനിക്ക് ചെയ്ത അനുഗ്രഹങ്ങളെയും ഞാൻ ചെയ്തുകൂട്ടുന്ന തിന്മകളേയും ഞാൻ ഏറ്റുസമ്മതിക്കുന്നു. അതുകൊണ്ട് നീ എനിക്ക് പൊറുത്തുതരേണമേ, കാരണം നീയല്ലാതെ പാപം പൊറുക്കുന്നവനില്ല.